# ‘ഏപ്രിൽ ഫൂൾ’ എന്ന വിഡ്ഢി ദിനം

[ Malayalam]

# كذبة أول إبريل (نيسان) حقيقتها وحكمها

[ باللغة مليالم ]


സുഫ്‌യാൻ അബ്ദുസ്സലാം

إعداد : سفيان عبد السلام

എഡിറ്റർ: ഉദിനൂർ മുഹമ്മദ് കുഞ്ഞി

مراجعة: محمد كنهي حميد



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്

റബ്‌വ – റിയാദ് – സൗദി അറേബ്യ

المكتتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض-المملكة العربية السعودية

islamhouse.com

1429 – 2008

ഏപ്രിൽ ഒന്ന് ലോക വിഡ്ഢി ദിനമായി ആചരിക്കപ്പെടുന്ന ദിവസമാണ്. തമാശക്ക് വേണ്ടി ചെറുതും വലുതുമായ തോതിൽ ആളുകളെ ഉപദ്രവിക്കുക, കളവ് പറയുക, ആളുകളെ വിഡ്ഢികളാക്കുക തുടങ്ങിയ കാര്യങ്ങളാണ് പ്രധാനമായും ഈ ദിവസത്തിൽ ജനങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നത്. ഒരു മുസ്ലിം ഈ ദിവസത്തെ എങ്ങനെ സമീപിക്കണം? നാടോടുമ്പോൾ നടുവേ ഓടണമെന്ന് ചിന്തിക്കുന്ന ഒരു വിഭാഗം മുസ്ലിംകൾ ഈ ദിവസത്തെ കെങ്കേമമായി തന്നെ ആഘോഷിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യം മാത്രം. വിഡ്ഢിദിനത്തിന്റെ പൊരുളെന്ത് എന്നതിനെക്കുറിച്ചും ഇസ്ലാം പഠിപ്പിക്കുന്ന സാംസ്കാരിക ബോധത്തെക്കുറിച്ചുമുള്ള അജ്ഞതയാണ് ഇതിനുള്ള യഥാർത്ഥ കാരണം.

## *'ഏപ്രിൽ ഫൂൾ ' – ചരിത്ര വിശകലനം*

ഏപ്രിൽ ഒന്നിനെ വിഡ്ഢിദിനമായി ആചരിച്ചു തുടങ്ങിയത് എന്നു മുതലാണ്? ചരിത്രത്തിന് ഈ വിഷയത്തിൽ വ്യത്യസ്ത അഭിപ്രായങ്ങളാണുള്ളത്. 1582–ൽ ഫ്രാൻസിൽ ചാൾസ് ഒമ്പതാമന്റെ നേതൃത്വത്തിൽ കലണ്ടർ പരിഷ്കരിക്കപ്പെട്ടതുമായി ബന്ധപ്പെട്ട സംഭവങ്ങളാണ് ഏറ്റവും കൂടുതൽ പ്രചാരം നേടിയ ചരിത്രം. 1582–ന് മുമ്പ് പുതുവർഷം ആഘോഷിച്ചിരുന്നത് മാർച്ച് 25 മുതൽ ഏപ്രിൽ 1 വരെയായിരുന്നു. ചാൾസ് ഒമ്പതാമനാണ് അത് ഡിസംബർ 25 മുതൽ ജനുവരി 1 വരെയുള്ളകാലയളവിലേക്ക് മാറ്റിയത്. വാർത്താവിനിമയം വളരെ മന്ദഗതിയിലായി രുന്ന ആ കാലഘട്ടത്തിൽ സാധാരണക്കാരായ പലരും വിവരം ലഭിക്കാതെ ഏപ്രിൽ ഒന്നിന് തന്നെ പുതുവർഷം ആഘോഷിച്ചു. അങ്ങനെ ഏപ്രിൽ ഒന്നിന് പുതുവർഷം ആഘോഷിച്ച വിവരദോഷികളെക്കുറിച്ച് മറ്റുള്ളവർ 'ഏപ്രിൽ ഫൂൾ' എന്നു വിളിച്ചു തുടങ്ങി. പിന്നീടത് വിഡ്ഢികളുടെ

ദിനമായി രൂപാന്തരം പ്രാപിച്ചു. പുതുവർഷാഘോഷ ത്തിനു തന്നെ കൃസ്തീയ വിശ്വാസവുമായി അഭേദ്യ മായ ബന്ധങ്ങളുണ്ട്. എന്നാൽ 'ഏപ്രിൽ ഫൂൾ' ആചര ണത്തിനു പിന്നിൽ മറ്റു ചില അന്ധവിശ്വാസങ്ങളുടെ അകമ്പടി കൂടിയുണ്ട് എന്നത് പലരും മനസ്സിലാക്കാതെ പോയ ഒരു സത്യമാണ്.

ഫ്രാൻസിൽ വിഡ്ഢിയാക്കപ്പെടുന്നവനെ ***poisson d'avril*** (AprilFish) എന്നാണ് വിളിക്കപ്പെട്ടിരുന്നത്. ശിർക്കൻ വിശ്വാസങ്ങൾ കൂടി കലർന്ന ജ്യോതിഷ വീക്ഷണ പ്രകാരം രണ്ട് മൽസ്യങ്ങളാൽ അടയാളം നൽകപ്പെട്ടിട്ടുള്ള മീനം ***(pisces)***രാശിമണ്ഡലത്തിൽ നി ന്നും സൂര്യൻ അകന്നു പോകുന്ന ദിവസമാണ് ഏപ്രിൽ ഒന്ന്. അന്നേ ദിവസം സുഹൃത്തുക്കളുടെ പിറകുവശ ത്ത് ചത്ത മൽസ്യത്തെ വെയ്ക്കുക എന്നത് ജ്യോതിഷ ത്തിൽ വിശ്വസിച്ചിരുന്ന അവരുടെ ഒരു ആ ചാരമായി രുന്നത്രെ. ഒരു വിശ്വാസത്തിന്റെ ഭാഗമായി ആചരിക്ക പ്പെട്ടിരുന്ന ഈ ആചാരം പിൽക്കാലത്ത് ചത്ത മൽസ്യ ത്തിന് പകരം മൽസ്യത്തിന്റെ കടലാസു രൂപങ്ങൾ വെച്ച് മറ്റുള്ളവരെ പരിഹസിക്കുന്ന ഒരു വിനോദമായി മാറുകയാണുണ്ടായത്. ചുരുക്കത്തിൽ 'ഏപ്രിൽ ഫിഷ്' എന്ന ജ്യോതിഷ ആചാരമാണ് പിന്നീട് 'ഏപ്രിൽ ഫൂൾ എന്ന' വിനോദമായി മാറിയത്.

ഈ ചരിത്ര വിശകലനത്തിൽ നിന്നു തന്നെ ഒരു കാര്യം വ്യക്തമാണ്. വിശ്വാസപരമായും ആചാരപരമാ യും എപ്രിൽ ഒന്ന് ഇസ്ലാമിക വിശ്വാസത്തിന് തന്നെ എതിരാണ്. അല്ലാഹുവിന്റെ ഏകത്വത്തിൽ യഥാവിധി

വിശ്വസിക്കുകയും സകല വിധ അന്ധവിശ്വാസങ്ങളെ യും അനാചാരങ്ങളെയും നിരാകരിക്കുകയും ചെയ്യുന്ന ഒരു മുസ്ലിം ഈ ദിനത്തെ വർജജി ക്കേണ്ടതാണ്.

ഈ ദിനത്തെ ഒരു മുസ്ലിം വിരുദ്ധ ദിനമായി ചിലർ രേഖപ്പെടുത്തുന്നുണ്ട്. കാരണം സ്പെയിനിലെ മുസ്ലിം ആധിപത്യത്തിന്റെ അവസാനമായി അറിയപ്പെടുന്ന ഗ്രനാഡ (അന്തലൂസ്യ) യുടെ പതനം ഏപ്രിൽ ഒന്നിനാ യിരുന്നു. വിശ്വാസപരമായി തകർക്കാൻ സാധ്യമല്ലാതി രുന്ന മുസ്ലിംകളെ മദ്യവും മദിരാക്ഷിയും നൽകി സുഖ ലോലുപരാക്കി തന്ത്രപൂർവ്വം ശത്രുക്കൾ തുരത്തു കയായിരുന്നു എന്നു ചരിത്രകാരന്മാർ രേഖപ്പെടുത്തു ന്നു. ഈ സംഭവത്തിലൂടെ മുസ്ലിംകൾ വിഡ്ഢികളാക്കപ്പെ ട്ടുവെന്നും അതിന്റെ സന്തോഷത്തിലാണ് ഏപ്രിൽ ഒന്ന് വിഡ്ഢിദിനമായി ആചരിക്കപ്പെടു ന്നതെന്നും പറയപ്പെ ടുന്നു.

### *അധർമ്മങ്ങളെ സാധൂകരിക്കുന്ന വിഡ്ഢിദിനം*

വിഡ്ഢിദിനത്തിൽ എത്ര കളവു പറഞ്ഞാലും കുഴപ്പ മില്ല എന്നതാണ് പൊതുവിൽ പ്രചരിപ്പിക്കപ്പെട്ട ധാരണ. അതിന്റെ പേരിൽ എത്ര തന്നെ കുഴപ്പങ്ങളുണ്ടായാ ലും അവയെ ചോദ്യം ചെയ്യാൻ പോലും പാടില്ല എന്നാണ് പലരും മനസ്സിലാക്കി വരുന്നത്. എന്നാൽ കളവ് പറയുകയും അത് പ്രവർത്തിക്കുകയും ചെയ്യു ന്നത് ഇസ്ലാം അതിശക്തമായി തന്നെ വിരോധിക്കു ന്നതായി കാണാം. അല്ലാഹുവിന്റെ യഥാർത്ഥ ദാസ ന്മാരെ വർണ്ണിക്കുന്നേടത്ത് അവൻ പറയുന്നു.

*'കളവിന് സാക്ഷി നിൽക്കാത്തവരും അനാവശ്യ വൃ*

***ത്തികള്‍ നടക്കുന്നേടത്തു കൂടി പോകുകയാണെങ്കില്‍ മാന്യരായിക്കൊണ്ട് കടന്നു പോകുന്നവരുമാകുന്നു അവര്‍’ (ഖുര്‍ആന്‍ 25: 72)***

മുഹമ്മദ് നബി (സ) ഇപ്രകാരം പറഞ്ഞതായി അബൂ ഹുറൈറ(റ)യില്‍ നിന്നും റിപ്പോര്‍ട്ട് ചെയ്യുന്നു. ***‘കപടവിശ്വാസിയുടെ ലക്ഷണം മൂന്നാണ്. സംസാരിക്കുമ്പോള്‍ കളവ് പറയുക, വാഗ്ദത്തം ചെയ്താല്‍ ലംഘിക്കുക, വിശ്വസിച്ചാല്‍ ചതിക്കുക എന്നിവയാണത് ’ (ബുഖാരി 31, മുസ്ലിം 59).***

തമാശക്ക് വേണ്ടി എത്ര കളവുകളും പറയാം എന്നാണ് ചിലരൊക്കെ കരുതുന്നത്. ‘ഏപ്രില്‍ ഫൂള്‍’ ദിനത്തില്‍ കളവ് പറയുന്നതിനെ ന്യായീകരിക്കുന്നവരും ഇതു തന്നെയാണ് പറയാറുള്ളത്. യഥാര്‍ത്ഥത്തില്‍ കളവ് പറയുന്നത് തമാശയായിട്ടായാലും ഗൗരവത്തോടു കൂടിയായാലും പാപമാണ് എന്നാണ് ഇസ്ലാമിക ശരീഅത്ത് പഠിപ്പിക്കുന്നത്. തമാശ പറയുന്നത് ഇസ്ലാം വിലക്കിയിട്ടില്ല. പ്രവാചകന്‍ അനുയായികളോടും വീട്ടുകാരോടുമൊക്കെ തമാശ പറഞ്ഞതായി കാണാം. പക്ഷെ സത്യത്തിന്റെയും സഭ്യതയുടെയും സീമകള്‍ ലംഘിച്ചു കൊണ്ടുള്ള തമാശകളായിരുന്നില്ല പ്രവാചകന്റേത്. ***ഇബ്നു ഉമര്‍ (റ) വില്‍ നിന്ന്: പ്രവാചകന്‍ (സ) പറഞ്ഞു: ‘ഞാന്‍ തമാശ പറയാറുണ്ട്; പക്ഷെ ഞാന്‍ സത്യമായിട്ടല്ലാതെ ഒന്നും പറയാറില്ല.’ (ത്വബ്റാനി – അല്‍ കബീര്‍ 12/391 – സ്വഹീഹുല്‍ ജാമിഅ് 2494– അല്‍ബാനി)***

ഭയപ്പെടുത്തുന്ന വാർത്തകൾ പറഞ്ഞ് മറ്റുള്ളവരെ പേടിപ്പിക്കുകയും അപരന്റെ പേടിയെ ആസ്വദിക്കുയും ചെയ്യുക എന്നതാണ് ‘എപ്രിൽ ഫൂൾ’ വിനോദത്തിലെ പ്രധാന ഇനം. എന്നാൽ തിരുദൂതർ (സ) പഠിപ്പിക്കുന്ന തിങ്ങനെയാണ്.

*അബ്ദുറഹ്‌മാനബ്നു അബീലൈല പറയുന്നു: പ്രവാചകാനുയായികൾ ഞങ്ങളോട് പറയുകയുണ്ടായി: ഒരിക്കൽ അവർ പ്രവാചകന്റെ കൂടെ യാത്രയിലായിരിക്കെ, അവരിലൊരാൾ ഉറങ്ങിപ്പോയി. അവരിൽ ചിലർ അയാളുടെ അമ്പുകൾ (തമാശയായി) മാറ്റി വെച്ചു. അയാൾ ഉണർന്നപ്പോൾ അമ്പുകൾ കാണാതെ പരിഭ്രമിച്ചു. ഇതു കണ്ട് കൂടെയുള്ളവർ ചിരിക്കാൻ തുടങ്ങി. പ്രവാചകൻ (സ) ചോദിച്ചു. എന്തിനാണ് ചിരിക്കുന്നത്? അവർ പറഞ്ഞു. ഒന്നുമില്ല, ഞങ്ങൾ അയാളുടെ അമ്പുകൾ എടുത്തു വെച്ചു. അയാൾ പേടിച്ചു പോയി. തിരുദൂതർ (സ) പ്രതിവചിച്ചു. ’ഒരു മുസ്ലിമിന് മറ്റൊരു മുസ്ലിമിനെ ഭയപ്പെടുത്താൻ പാടില്ല. (അബൂദാവൂദ് 5004, സ്വഹീഹുൽ ജാമിഅ് 7658 – അൽബാനി)*

മറ്റുള്ളവരെ വേദനിപ്പിച്ചുകൊണ്ടല്ല തമാശ ആസ്വദിക്കേണ്ടത് എന്ന് ഈ സംഭവം നമ്മെ ബോധ്യപ്പെടുത്തുന്നു.

വിഡ്ഢിദിനത്തിൽ മറ്റൊരാളുടെ വസ്തുക്കൾ എടുത്തു വെച്ച് കുറേ നേരത്തേക്കെങ്കിലും അറിയാത്ത ഭാവം നടിച്ച് സ്വന്തം സഹോദരന്റെ വിഷമാവസ്ഥയെ ആസ്വദിക്കുന്നവൻ യഥാർത്ഥത്തിൽ സ്വയം വിഡ്ഢിയാവുക

യാണ് ചെയ്യുന്നത്. പ്രവാചകൻ (സ) നൽകുന്ന താക്കീത് ശ്രദ്ധിക്കുക.

*അബ്ദുല്ലാഹിബ്നു സാഇബ് അൽ യസീദ് അദ്ദേഹത്തിന്റെ പിതാവിൽ നിന്നും പിതാമഹനിൽ നിന്നും ഉദ്ധരിക്കുന്നു. പ്രവാചകൻ(സ) പറയുന്നതായി കേട്ടു. ‘നിങ്ങളിലാരാളും അയാളുടെ സഹോദരന്റെ സാധനങ്ങൾ തമാശയായിട്ടോ അല്ലാതെയോ എടുക്കരുത്. തന്റെ സഹോദരന്റെ ഒരു വടി ആരെങ്കിലും എടുത്തിട്ടുണ്ടെങ്കിൽ അയാളത് തിരിച്ചു കൊടുക്കട്ടെ.’ (അബൂദാവൂദ് 5003, സ്വഹീഹുൽ ജാമിഅ് 7578 – അൽബാനി).*

കളവ് പറയൽ ഇന്നൊരു കലയായി അവതരിപ്പിച്ചു തുടങ്ങിയിരിക്കുന്നു. ജനങ്ങളെ ചിരിപ്പിക്കുന്നതിനും സന്തോഷിപ്പിക്കുന്നതിനും കളവ് പറയൽ മൽസരങ്ങൾ വരെ സംഘടിപ്പിക്കപ്പെടുന്നു എന്നത് എത്രമാത്രം ഗൗരവമുള്ളതാണ് എന്ന് പലരും ചിന്തിക്കാറില്ല. തമാശക്ക് വേണ്ടിയല്ലേ?, അതിലെന്താണ് ഇത്ര കുഴപ്പം, സത്യമല്ല എന്നറിഞ്ഞു കൊണ്ടു തന്നെയല്ലേ? എന്നൊക്കെ ചോദിച്ച് അത്തരം കാര്യങ്ങളെ ന്യായീകരിക്കുന്നവരുണ്ട്. അവരോട് പ്രവാചകൻ (സ) പറയുന്നു.

*മുആവിയത്തുബ്നു ഹൈദ(റ)യിൽ നിന്ന്: പ്രവാചകൻ(സ) പറയുന്നതായി ഞാൻ കേട്ടു. ‘ജനങ്ങളെ ചിരിപ്പിക്കാൻ വേണ്ടി സംസാരിക്കുകയും കളവ് പറയുകയും ചെയ്യുന്നവന് നാശം; അവന്ന് നാശം.’ (തിർമിദി 235, അബൂദാവൂദ് 4990).*

എട്ടും പൊട്ടും തിരിയാത്ത കുട്ടികളെ മാതാപിതാക്കൾ അവരുടെ താൽപര്യങ്ങൾക്കായി ചെറിയ ചെറിയ ക

ളവുകൾ പറഞ്ഞ് കബളിപ്പിക്കാറുണ്ട്. ആരും അത്ര ഗൗരവത്തോടു കൂടി അതിനെ കാണാറില്ല എന്നതാണ് വസ്തുത. പക്ഷെ ഈ ഹദീസ് ശ്രദ്ധിക്കുക. *അബൂഹുറൈറ(റ)യിൽ നിന്ന്: പ്രവാചകൻ (സ) പറഞ്ഞു. ‘ആരെങ്കിലും ഒരു ചെറിയ കുട്ടിയോട് “ഇവിടെ വരൂ, ഇത് നീ എടുത്തോ’ എന്ന പറയുകയും, ഒന്നും നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ അതൊരു കളവായിട്ടാണ് പരിഗണിക്കുക. (അബൂദാവൂദ് 4991 – സ്വഹീഹുൽ ജാമിഅ് 1319 – അൽബാനി).*

## *അനുവദിക്കപ്പെട്ട കളവുകൾ*

എങ്കിലും കളവ് പറയുന്നത് അനുവദിക്കപ്പെട്ട ചില സന്ദർഭങ്ങളുണ്ട്. യുദ്ധം, ഭിന്നിച്ച് നിൽക്കുന്ന രണ്ടാളുകൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുക, സ്നേഹവും സൗഹൃദവും നില നിർത്തുന്നതിനായി ഒരാൾ ഭാര്യയോട് പറയുന്നത്, എന്നിവയാണ് പ്രസ്തുത സന്ദർഭങ്ങൾ. അത്തരം സന്ദർഭങ്ങളിലും അല്ലാഹുവിലുള്ള ഭയഭക്തി നിലനിർത്തി അവനെ സൂക്ഷിച്ചു കൊണ്ടായിരിക്കണം പെരുമാറേണ്ടത്.

*അസ്മാഅ് ബിൻത് യസീദിൽ നിന്ന്: അല്ലാഹുവിന്റെ തിരുദൂതർ (സ) പറഞ്ഞു. ‘മൂന്ന സന്ദർഭങ്ങളിലല്ലാതെ കളവ് പറയുന്നത് അനുവദിക്കപ്പെട്ടിട്ടില്ല. ഒരാൾ തന്റെ ഭാര്യയെ പ്രീതിപ്പെടുത്താൻ വേണ്ടി പറയുന്നത്, യുദ്ധത്തിൽ, ആളുകൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുന്നതിന വേണ്ടി പറയുന്നത് (തിർമിദി1939, സ്വഹീഹുൽ ജാമിഅ് 7723 – അൽബാനി).*

തമാശക്ക് വേണ്ടി കളവ് പറയാമായിരുന്നെങ്കിൽ അനു വദിക്കപ്പെട്ട കളവുകളുടെ കൂട്ടത്തിൽ പ്രവാചകൻ (സ) അതു കൂടി എടുത്തു പറയുമായിരുന്നു.

### *അവസാനമായി*

സുഹൃത്തുക്കളെ, ജീവിതം ഗൗരവമുള്ളതാണ്. കളി യും ചിരിയും തമാശയുമൊക്കെ അനുവദിക്കപ്പെട്ടിട്ടു ണ്ടെങ്കിലും ജീവിതത്തെ മുഴുവൻ കളി തമാശയായി നാം കാണരുത്. വിനോദങ്ങളിൽ അനുവദിക്കപ്പെട്ടവ യിൽ നമുക്കേർപ്പെടാം. വിരോധിക്കപ്പെട്ടവയിൽ നി ന്നും പാടെ മാറി നിൽക്കുക. ജീവിതത്തിന്റെ പൊലിമ യിൽ നാം സ്വയം വിഡ്ഢികളാവാതിരിക്കുക.

*'ജനങ്ങളേ,നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ സൂ ക്ഷിക്കുക, ഒരു പിതാവിനും തന്റെ പുത്രന് ഒന്നും ചെയ് തു കൊടുക്കാൻ സാധിക്കാത്ത, ഒരു പുത്രനും തന്റെ പിതാവിന് ഒന്നും ചെയ്തു കൊടുക്കാൻ സാധിക്കാത്ത ദിവസത്തെ സൂക്ഷിക്കുക. അല്ലാഹുവിന്റെ വാഗ്ദത്തം സത്യമാണ്. ഐഹിക ജീവിതം നിങ്ങളെ വഞ്ചിക്കാതി രിക്കട്ടെ. മഹാവഞ്ചകനായപിശാച് അല്ലാഹു വിനെ തൊട്ട് നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ' (ഖുർആൻ 31:33)*

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين

****************

islamhouse.com